# 44 ഇനം മീൻകുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചു

പി.കെ. ജയചന്ദ്രൻ

**കൊച്ചി:** കടലിലെ 44 ഇനം മീൻകുഞ്ഞുങ്ങളെ പിടിക്കുന്നത് സംസ്ഥാന സർക്കാർ നിരോധിച്ചു. ചൂര, കേര, നെയ്മീൻ അഥവാ അയക്കൂറ, മോത, വങ്കട, മാന്തൾ, കിളിമീൻ, ആവോലി, കലവ, കോര, തിരണ്ടി, പൂവാലൻ ചെമ്മീൻ, കരിക്കാടി ചെമ്മീൻ, കാവാലൻ ഞണ്ട് തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ പിടിക്കുന്നതിനാണ് നിരോധനം.

നേരത്തെ 14 ഇനങ്ങളുടെ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചിരുന്നു. അതിൻെറ തുടർച്ചയായാണ് ഇപ്പോൾ 44 ഇനങ്ങളെക്കൂടി പിടിക്കുന്നത് നിരോധിച്ചത്. മീൻസമ്പത്ത് ക്രമാതീതമായി കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് നിരോധനം.

മീനുകളെ പിടിക്കുന്നതിനുള്ള കുറഞ്ഞ വലിപ്പം (മിനിമം ലീഗൽ സൈസ്) നിശ്ചയിക്കുന്ന പട്ടിക തയ്യാറാക്കി നൽകിയത് കേന്ദ്ര മത്സ്യഗവേഷണ സ്ഥാപന (സി.എം.എഫ്.ആർ.ഐ.) മാണ്. 58 ഇനം മീൻകുഞ്ഞുങ്ങളുടെ നിരോധനപ്പട്ടികയാണവർ നൽകിയത്. രണ്ടു ഘട്ടമായി ഇതു മുഴുവൻ സർക്കാർ അംഗീകരിച്ചിരിക്കുകയാണ്.

2012-ൽ 8.4 ലക്ഷം ടൺ മീൻ പിടിച്ച് കേരളം രാജ്യത്ത് ഒന്നാമതെത്തിയിരുന്നു. 2013-ൽ ഇത് 6.71 ലക്ഷം ടൺ ആയി കുറഞ്ഞു. കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്തായി. അടുത്ത വർഷം ഇത് വീണ്ടും കുറഞ്ഞു. 5.76 ലക്ഷം ടൺ; മൂന്നാം സ്ഥാനം. 2015-ലും മൂന്നാം സ്ഥാനം തന്നെയായിരുന്നു, 4.82 ലക്ഷം ടൺ. 2016 ആയപ്പോഴേക്കും 5.23 ലക്ഷം ടണ്ണായി ഉയർന്നെങ്കിലും നാലാം സ്ഥാനത്തായി കേരളം.

വളത്തിനും മീൻതീറ്റയ്ക്കുമായി ചെറു മീനുകളെ വാരിക്കൊണ്ടുപോയതു മുതലാണ് കടൽസമ്പത്തിനു നാശം നേരിട്ടത്. മത്തി പോലുള്ള മീനുകളുടെ കുഞ്ഞുങ്ങളെ ധാരാളമായി മീൻതീറ്റ ഫാക്ടറികൾ കൊണ്ടുപോയി.

മത്തിയിൽ കുറവുണ്ടായത് അങ്ങനെയാണ്.

മുമ്പ് മീൻപിടിത്തത്തിനിടയിൽ കിട്ടുന്ന ചെറുമീനുകളെ കടലിൽത്തന്നെ തിരിച്ചിടുകയായിരുന്നു തൊഴിലാളികൾ ചെയ്തിരുന്നത്.

വളത്തിനും മീൻതീറ്റയ്ക്കും ചെറുമീനുകളെ വേണമെന്നായപ്പോൾ മീൻപിടിത്തത്തിനിടയിൽ കിട്ടുന്ന ചെറുമീനുകളെ കടലിനു തിരിച്ചു നൽകാതെ ഫാക്ടറികൾക്കു വിറ്റു. വൻ ലാഭമുണ്ടാക്കാമെന്നു കണ്ടപ്പോൾ ചെറുമീനുകളെ മാത്രം പിടിക്കാനായി ആളുകൾ കടലിൽ പോയിത്തുടങ്ങി. അതിൻെറ ഫലമായി മീൻ ലഭ്യത കാര്യമായി കുറഞ്ഞു. കടലിൻെറ പരിസ്ഥിതിക്കു തന്നെ ദോഷം വന്നു.മത്തി, കണവ, കൂന്തൽ, ഉടുപ്പൂരി, പാമ്പാട, ആവോലി, കിളിമീൻ, അയല എന്നിവയുടെ കുഞ്ഞുങ്ങളാണ് കൂടുതലും നശിച്ചുപോയത്.

## ആൻഡമാൻ കടലിലെ ചൂരക്കൂട്ടത്തെ പിടിക്കാൻ പദ്ധതി

വി.പി. ശ്രീലൻ



**തോപ്പുംപടി:** ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്ക് ചുറ്റും കടലിലുള്ള ചൂരക്കൂട്ടത്തെ പിടിക്കാനും ഇന്ത്യയിലെമ്പാടും വിദേശത്തും വിപണിയിലെത്തിക്കാനും പദ്ധതി ഒരുങ്ങുന്നു. കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) യും ആൻഡമാൻ നിക്കോബാർ ഭരണകൂടവും ചേർന്നാണ് ചൂര അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾക്ക് തുടക്കമിടുന്നത്.

ഇതിൻെറ മുന്നോടിയായി ശനിയാഴ്ച രാവിലെ കൊച്ചിയിലെ സിഫ്റ്റ് ആസ്ഥാനത്ത് ബന്ധപ്പെട്ടവരുടെ യോഗം ചേരും. മത്സ്യ ശാസ്ത്രജ്ഞർ, ഫിഷറീസ് ഉദ്യോഗസ്ഥർ, സംരംഭകർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

ലോകത്ത് തന്നെ ഏറ്റവും കൂടുതൽ ചൂര കാണുന്ന പ്രദേശങ്ങളിലൊന്നാണ് ആൻഡമാൻ നിക്കോബാർ ദ്വീപും പരിസരവും.

1.48 ലക്ഷം ടൺ മത്സ്യശേഖരം ഈ കടലിൽ ഉണ്ടെന്നാണ് ഫിഷറീസ് സർവേ ഓഫ് ഇന്ത്യയുടെ കണക്ക്. ഇതിൽ കൂടുതലും ചൂര (ട്യൂണ) യാണ്. ചൂര വിവിധ ഇനങ്ങളുണ്ട്.

ഇതിൽത്തന്നെ മഞ്ഞച്ചൂര ഏറ്റവും കൂടുതൽ ഡിമാൻഡുള്ള മീനുമാണ്. വിദേശ വിപണിയിൽ വലിയ വിലയാണിതിന്. പ്രതിവർഷം 65,000 ടൺ ചൂരമത്സ്യങ്ങൾ ഇവിടെ നിന്ന് പിടിക്കാനാകും.

എന്നാൽ ദ്വീപ് സമൂഹങ്ങളിൽ ചൂരയ്ക്ക് വലിയ ഡിമാൻഡില്ലാത്തതിനാൽ ഇവയെ പിടിക്കാൻ തൊഴിലാളികൾ കൂട്ടാക്കുന്നില്ല. പിടിച്ചാലും ഇവയെ വിപണിയിലെത്തിക്കാൻ സംവിധാനവുമില്ല. ചൂരയുടെ അന്താരാഷ്ട്ര വിപണിയിലെ സാധ്യതകളെക്കുറിച്ച് തൊഴിലാളികൾക്ക് അറിയില്ല.

പ്രതിവർഷം ആയിരം ടണ്ണിൽ താഴെ മാത്രമാണ് അവിടെ പിടിച്ചെടുക്കുന്നത്. നല്ലയിനം ചൂരയ്ക്ക് പുറം രാജ്യങ്ങളിൽ കിലോയ്ക്ക് 1,500 രൂപയ്ക്ക് മേൽ വിലയുണ്ട്. ആൻഡമാനിലാകട്ടെ വില 100 രൂപയിൽ താഴെയാണ്.

ചൂരയുടെ ബിസിനസ് സാദ്ധ്യതകൾ വലിയ രീതിയിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. കേരളവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യക്കയറ്റുമതി ഏജൻസികളുമായി ചേർന്ന് ചൂര വിപണിയിലെത്തിക്കാൻ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്.

ആൻഡമാൻ നിക്കോബാർ ദ്വീപ് ചീഫ് സെക്രട്ടറി ആനിഡോ മസൂംദർ, ധനകാര്യ സെക്രട്ടറി രമേശ് വെർമ എന്നിവർ ശനിയാഴ്ച നടക്കുന്ന യോഗത്തിൽ പങ്കെടുക്കും.

Mathrubhumi e-paper KOCHI
Fri, 07 July 2017
digitalpaper.mathrubhumi.com/c/20359302